# മലയാളത്തിൽ നവസാക്ഷരസാഹിത്യം

## ആയിരം പുസ്തകങ്ങൾ നിർമ്മിക്കുന്നതിനു് ഒരു പദ്ധതി

എൻ. വി. കൃഷ്ണവാരിയർ

### പ്രവൃത്യന്മുഖ സാക്ഷരതാപദ്ധതി

കേരളത്തിൽ എൺപത്തഞ്ചുലക്ഷത്തിലേറെ മുതിർന്ന നിരക്ഷരരുണ്ടെന്നു് ഔദ്യോഗിക കണക്കുകൾ കാണിക്കുന്നു. ആണ്ടുതോറും ലക്ഷക്കണക്കിനു് കുട്ടികൾ പ്രൈമറിസ്കൂളുകളിൽനിന്നു് ചോർന്നുപൊയ്ക്കൊണ്ടിരിക്കുന്നു. ഇവരും നിരക്ഷരരുടെ പാളയത്തിലാണു് ചെന്നുചേരുന്നതു്. അങ്ങനെ ആണ്ടുതോറും നിരക്ഷരരുടെ കേവലസംഖ്യ വർദ്ധിച്ചുവരുന്നു.

നിരക്ഷരത്വം നിർമ്മാർജ്ജനം ചെയ്യുകയെന്നതു് ദാരിദ്ര്യനിവാരണത്തിന്റെ ആദ്യത്തെ പടിയാകുന്നു. പുതിയ അറിവും സാങ്കേതികവിദ്യയുമുപയോഗിച്ചു് കൃഷി, കൈത്തൊഴിൽ, വ്യവസായം, ഗതാഗതം, വാണിജ്യം മുതലായ എല്ലാ രംഗങ്ങളും അഭിവൃദ്ധിപ്പെടുത്തിയാൽ മാത്രമെ കൂടുതൽ ജനങ്ങൾക്കു തൊഴിലും, ഉത്പാദനത്തിൽ വർദ്ധനയും, ചെയ്യുന്ന തൊഴിലിൽനിന്നു് കൂടുതൽ വരുമാനവും, അതു വഴി ദാരിദ്ര്യത്തിന്നു് ഒട്ടെങ്കിലും നിവാരണവും ഉണ്ടാവുകയുള്ളു. പുതിയ അറിവും പുതിയ സാങ്കേതികവിദ്യയും ബഹുജനങ്ങൾക്കെത്തിച്ചുകൊടുക്കുന്നതിന്നുള്ള ആദ്യത്തെ ഉപാധിയത്രെ ബഹുജനങ്ങളുടെ സാക്ഷരത്വം. സാക്ഷരത്വത്തിലൂടെ, ജനങ്ങൾ ഇപ്പോൾ ചെയ്തുവരുന്ന തൊഴിലുകളെ കൂടുതൽ ഉത്പാദനക്ഷമങ്ങളാക്കുകയെന്നതാണു് പ്രവൃത്യന്മുഖ സാക്ഷരതാപദ്ധതിയുടെ അടിസ്ഥാനതത്ത്വം. സാക്ഷരത്വ പ്രചാരണത്തിന്നുവേണ്ടി ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ അഞ്ചാം പഞ്ചവത്സരപദ്ധതിക്കാലത്തു് കൂടുതൽ ശക്തിയാർജ്ജിക്കാതിരിക്കുകയില്ല.

### നവസാക്ഷരസാഹിത്യം

പുതുതായി സാക്ഷരത്വം നേടുവാൻ മുതിർന്നവരെ സഹായിക്കുന്നതിന്നുവേണ്ടി കേരള ഗ്രന്ഥശാലാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഏതാനും പാഠാവലികൾ പ്രസിദ്ധംചെയ്തിട്ടുണ്ടു്. കുട്ടികളെ സാക്ഷരരാക്കുന്നതിന്നുള്ള അധ്യാപനപദ്ധതിയോ പാഠാവലികളോ മുതിർന്നവർക്കു് ഉപകരിക്കുകയില്ല. വ്യാപകമായ ലോകപരിചയം ഉള്ളവരാണു് മുതിർന്ന നിരക്ഷരർ. അവരുടെ അറിവിനെ, പ്രത്യേകിച്ചു് സ്വന്തം തൊഴിലിന്റെ രംഗത്തിലുള്ള അറിവിനെ, സംസ്കരിക്കുകയും ആധുനികീകരിക്കുകയുംചെയ്യുവാനുള്ളപഠിപ്പാണു് അവർക്കുവേണ്ടതു്. അത്തരം പഠിപ്പിലേ അവർക്കു താത്പര്യമുണ്ടാവൂ. ആ പഠിപ്പിന്റെ ഭാഗമായി വേണം അവർക്കു് അക്ഷരജ്ഞാനം നൽകുവാൻ. അക്ഷരം പഠിക്കുന്നതോടൊപ്പം, സ്വന്തം തൊഴിൽ കുറേക്കൂടി ആദായകരമായി നിർവഹിക്കുന്നതിന്നുള്ള പുതിയ അറിവുകൂടി മുതിർന്നവർക്കു ലഭിക്കണം. സാക്ഷരതാപാഠാവലികൾ തയ്യാറാക്കിയിട്ടുള്ളതു് ഈ

---

മാത്രമെ അഞ്ചുകൊല്ലത്തിനകം നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുകയെന്ന ലക്ഷ്യം നമുക്കു് നേടാൻ കഴിയൂ. ഇതര സംസ്ഥാനങ്ങളെ സംബന്ധിച്ചേടത്തോളം സാക്ഷരതാപ്രസ്ഥാനം വൻതോതിൽ കെട്ടിപ്പടുക്കേണ്ടതായിട്ടാണു് ഇരിക്കുന്നതു്. ആന്ധ്രപ്രദേശ്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ കുറെ പുരോഗതിയുണ്ടായിട്ടുണ്ടു്. എങ്കിലും പ്രവർത്തനങ്ങൾ പൂർവ്വാധികം ഊർജ്ജസ്വലമാകേണ്ടിയിരിക്കുന്നു.

സാക്ഷരതാ പ്രസ്ഥാനം നമ്മുടെ നാട്ടിൽ അല്പാല്പം വേരൂന്നിക്കഴിഞ്ഞിരിക്കുന്നുവെങ്കിലും ഈ രംഗത്തു് അലംഭാവം അത്യന്തം ആപൽക്കരമാ (ശേഷം 35-ാം പേജിൽ)

തത്വം അടിസ്ഥാനപ്പെടുത്തിയാണ്.

സാക്ഷരതാക്ലാസ്സുകളിൽ ചേരുന്ന മുതിന്നവർ ആറുമാസംകൊണ്ടു് അക്ഷരങ്ങൾ പഠിച്ച് കൂട്ടിവായിക്കാനുള്ള അറിവു നേടുന്നു. നിരന്തരമായി വായിക്കാനുള്ള പ്രചോദനം അവരിലുളവാക്കുകയും, വായിക്കാൻ പററിയ സാഹിത്യം അവക്കു യഥാകാലം നൽകുകയുമാണ് പിന്നീടു വേണ്ടതു്. നിലവിലുള്ള സാധാരണ പുസ്തകങ്ങൾ ഈ ഉദ്ദേശ്യം നിർവഹിക്കുന്നതിന്നു മതിയാവുകയില്ല. ലളിതമായ ഭാഷയിലെഴുതിയതും ഉപയോഗപ്രദമായ അറിവുകൾ നൽകുന്നതും വലിയ ടൈപ്പിൽ ആകർഷകമായി അച്ചടിച്ചതും കുറഞ്ഞ വിലയ്ക്കു ലഭിക്കുന്നതുമായ പുസ്തകങ്ങളും ആനുകാലികങ്ങളും ഉണ്ടായാൽ മാത്രമേ, പുതുതായി സാക്ഷരത്വം നേടിയ മുതിന്നവർ വീണ്ടും നിരക്ഷരതയിലേയ്ക്കു് വഴുതി വീഴാതിരിക്കുകയുള്ളു.

## ആസൂത്രണത്തിന്റെ ആവശ്യകത

നവസാക്ഷര സാഹിത്യനിർമ്മാണത്തിൽ വേണ്ടത്ര ശ്രദ്ധ നാം ഇനിയും ചെലുത്തിയിട്ടില്ല. നവസാക്ഷരസാഹിത്യം തയ്യാറാക്കുന്നതിൽ കേരളത്തിലെ ഒരു പുസ്തകപ്രസാധകനും ഇന്നു് തൽപരനല്ല. നവസാക്ഷരസാഹിത്യത്തിന്നു് ആണ്ടുതോറും ചില സമ്മാനങ്ങൾ ഇന്ത്യാഗവർമ്മെണ്ടു് നൽകിവരുന്നുണ്ടെങ്കിലും ഒരു ഡസൻപോലും നല്ല നവസാക്ഷരകൃതികൾ മലയാളത്തിൽ ഉണ്ടാവുന്നതിനു് ഈ സമ്മാനപദ്ധതി ഇനിയും ഉപകരിച്ചിട്ടില്ല. നവസാക്ഷരസാഹിത്യരചനയുടെ സവിശേഷതകളെപ്പററി നമ്മുടെ എഴുത്തുകാർ ബോധവാന്മാരല്ല. അങ്ങിനെ നവസാക്ഷരസാഹിത്യരചനയ്ക്കു് വേണ്ട സാമ്പത്തികവും മാനുഷികവുമായ വിഭവങ്ങൾ ഇന്നു് തുലോം വിരളങ്ങളാണ്. ഈ നിലയിൽ. കിട്ടാവുന്ന വിഭവങ്ങൾ സമാഹരിച്ചു് പരമാവധി ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന്നു് ആസൂത്രണം ഏററവുമധികം ആവശ്യമാകുന്നു.

## സമീപനം

നവസാക്ഷര സാഹിത്യരചനയിൽ ഏററവും പ്രധാനപ്പെട്ട പ്രശ്നം സമീപനത്തിന്റേതാന്നു്. ഓടിച്ചുവായിക്കുവാനും സങ്കീർണ്ണമായ വാക്യരചനകൾ അപഗ്രഥിച്ചു് സാരം ഗ്രഹിക്കാനും കഴിവില്ലാത്തവരാണ് നമ്മുടെ സങ്കൽപത്തിലുള്ള വായനക്കാർ. എന്നാൻ അവക്കു് നല്ല ലോകപരിചയവും വികസിതമായ യുക്തിബോധവുമുണ്ടു്. ഉപദേശിയുടെ മട്ടിൽ ഗ്രന്ഥകാരൻ അവരെ സമീപിച്ചാൽ ഫലം നിരാശാജനകമായിരിക്കും. അല്പം പ്രായക്കൂടുതലുള്ള, ബഹുമാന്യനായ ഒരു സുഹൃത്തിനോടു് സംസാരിക്കുകയാണെന്ന ബോധത്തോടെ വേണം നവസാക്ഷരക്കായി എന്തെങ്കിലും എഴുതുവാൻ. വായനക്കാക്കു് ഇപ്പോഴത്തത്തന്നെ ഉള്ള വിപുലമായ ലോകവിജ്ഞാനം വകവെച്ചുകൊടുക്കുക; അതിന്റെ അടിസ്ഥാനത്തിൽ അവക്കില്ലാത്ത ആധുനിക ശാസ്ത്രീയ സാങ്കേതിക വിജ്ഞാനം അവരിലുളവാക്കാൻ ശ്രമിക്കുക.

അറിവിനോടൊപ്പം മനോഭാവത്തിൽ മൗലികമായ ഒരു പരിവർത്തനം വായനക്കാരിൽ ഉളവാക്കുവാനും നവസാക്ഷരസാഹിത്യ നിർമ്മാതാവു് ശ്രമിക്കണം. പാരമ്പര്യാധിഷ്ഠിതമായ നമ്മുടെ സമുദായത്തെ ആധുനികീകരിക്കുകയാണു് സാക്ഷരതാപ്രവത്തനത്തിന്റെ ലക്ഷ്യം. ആധുനികീകരിക്കുകയെന്നതിനു്, ശാസ്ത്രീയമാക്കുക, യുക്ത്യധിഷ്ഠിതമാക്കുക എന്നെല്ലാമാണ് അർത്ഥം, നിലവിലുള്ളതിനെ ചോദ്യംചെയ്യാനും പുതുമ പരീക്ഷിച്ചുനോക്കാനുമുള്ള സന്നദ്ധത വായനക്കാരിൽ ഉളവാക്കുന്നില്ലെങ്കിൽ നവസാക്ഷരസാഹിത്യം ഏറെക്കുറെ നിഷ്പ്രയോജനമായിത്തീരും. പുതിയ ചിന്താപദ്ധതി, പുതിയ സംഘടനാരീതികൾ, പുതിയ നിർമ്മാണസമ്പ്രദായങ്ങൾ, പുതിയ ഉപകരണങ്ങൾ മുതലായവ ഉപയോഗിക്കാൻ വായനക്കാരനെ പ്രേരിപ്പിക്കുന്നതാവണം നവസാക്ഷരസാഹിത്യം. തന്റെ സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും ശാസ്ത്രീയമായ പരിഹാരം തേടുവാൻ വിദഗ്ദ്ധരെ സമീപിക്കുന്നതിന്നുള്ള പ്രേരണ നവസാക്ഷരനിൽ ഈ സാഹിത്യം വളർത്തണം. ചുരുക്കത്തിൽ നവസാക്ഷരനെ പുതിയ ലോകത്തിലെ പുതിയ മനുഷ്യനാക്കി മാററുകയാവണം ലക്ഷ്യം. പ്രതിപാദനം രസകരമായിരിക്കണമെന്നതു് എത്ര ഊന്നിപ്പറഞ്ഞാലും അധികമാവില്ല.

## ഭാഷ

വായന അറിഞ്ഞുകൂടെങ്കിലും, വിപുലമായ ഒരു പദസഞ്ചയവുമായി മുതിന്ന നിരക്ഷരൻ പരിചയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അതിനാൽ നവസാക്ഷരസാഹിത്യ നിർമ്മാണത്തിൽ ഒരു നിയന്ത്രിത പദസമുച്ചയം ഉപയോഗിക്കുന്ന പ്രശ്നം പ്രധാനമല്ല. എങ്കിലും ലളിതമായ, പ്രചുരപ്രചാരമുള്ള, ഒരു പദമുള്ളപ്പോൾ അതിന്റെ സ്ഥാനത്തു് അത്രതന്നെ പ്രചാരമില്ലാത്ത ഒരു പദം ഉപയോഗിക്ക

ന്നതിന് യാതൊരു നീതീകരണവുമില്ല.

പലപ്പോഴും ഒരു നവസാക്ഷരഗ്രന്ഥം വായനക്കാരുടെ ഒരു പ്രത്യേകഗ്രൂപ്പിനെ ഉന്നംവെച്ചുള്ളതായിരിക്കും. ഉദാഹരണത്തിന്, ഇരുമ്പുപണിയെക്കുറിച്ചുള്ള ഒരു പുസ്തകംകൊണ്ട് കൂടുതൽ പ്രയോജനം ആ തൊഴിലിലേർപ്പെട്ടിരിക്കുന്ന കൊല്ലന്മാർക്കാവുമല്ലോ. അതിനാൽ കൊല്ലന്മാരുടെ ഇടയിൽ നടപ്പുള്ള സാങ്കേതിക പദങ്ങളും ദേശ്യഭാഷാപദങ്ങളും ഇത്തരം പുസ്തകത്തിൽ ധാരാളമായി വരും. വരുകയുംവേണം. ഇത്തരം പദങ്ങൾക്ക് അവിടവിടെ ആവശ്യമായ വിവരണങ്ങൾ കൂടെ ചേർക്കണമെന്നുമാത്രം. വായിക്കുന്ന നവസാക്ഷരന്, താൻ ദിവസേന ഉപയോഗിക്കുന്ന ഭാഷയിലാണ് ഈ ഗ്രന്ഥം എഴുതപ്പെട്ടിരിക്കുന്നത് എന്ന തോന്നലുണ്ടാവുകയാണ് പ്രധാനം.

സങ്കീർണ്ണങ്ങളായ വാക്യസംരചനകൾ നവസാക്ഷരഗ്രന്ഥങ്ങളിൽ തികച്ചും വർജ്യമാണ്. സാധാരണ സംസാരത്തോട് ഏററവും അടുത്തുനില്ക്കുന്ന ഭാഷയാണ് ഉത്തമം.

വാക്യങ്ങൾ തമ്മിലും, ഖണ്ഡികകൾ തമ്മിലും, അദ്ധ്യായങ്ങൾ തമ്മിലും ദൃഢമായ പൂർവ്വാപരബന്ധം ഇത്തരം ഗ്രന്ഥങ്ങളിൽ കൂടിയേ കഴിയൂ. യുക്തിയുക്തമായിരിക്കണം പ്രതിപാദനം. പുതിയ അറിവുകൾ ധാരാളമായി നൽകുന്നതിലും ശ്രദ്ധവേണം. പുസ്തകം വായിച്ചു കഴിയുന്ന നവസാക്ഷരന് താൻ ഒട്ടേറെ കാര്യങ്ങൾ പഠിച്ചുകഴിഞ്ഞതായും, പഴയ അറിവുകൾതന്നെ പുതിയ വെളിച്ചത്തിൽ നവീകരിച്ചതായും തോന്നലുണ്ടാവണം.

വലിയ അക്ഷരത്തിൽ അച്ചടിച്ച് കുറഞ്ഞ വിലയ്ക്കു വിൽക്കേണ്ട ഇത്തരം ഗ്രന്ഥങ്ങളിൽ ധാരാളം പുതിയ അറിവുകൾ ഉൾപ്പെടുത്തണമെങ്കിൽ ഗ്രന്ഥകാരൻ പദങ്ങളുടെ കാര്യത്തിൽ നിഷ്കൃഷ്ടമായ മിതവ്യയം പാലിച്ചേ മതിയാവൂ. വാക്യങ്ങളും പദങ്ങളും പരമാവധി ചുരുക്കണം. ഒരു വാക്കിനു പകരം രണ്ടു വാക്ക് ഉപയോഗിക്കരുത്; ഒരു വാക്യംകൊണ്ട് മതിയാവുന്നിടത്ത് രണ്ടു വാക്യം ഉണ്ടാവരുത്. എന്നാലും, അർത്ഥം സ്ഫുടവും പ്രതിപാദനം യുക്തിസംഗതവും ആയിരിക്കണം; വാക്യത്തിനു സൌന്ദര്യവും വേണം. വിശേഷണങ്ങൾ കഴിയുന്നത്ര വർജ്ജിക്കുക; വിഷയം കഴിയുന്നത്ര മൂർത്തമാക്കുക. കണ്ണ്, ചെവി, മൂക്ക്, നാവ്, ത്വക്ക് എന്നീ ഇന്ദ്രിയങ്ങൾകൊണ്ട് ഗ്രഹിക്കാമെന്നു തോന്നുമ്പോഴാണ് വിഷയം മൂർത്തമാവുന്നത്. സന്ധിയും സമാസവും കഴിയുന്നത്ര വർജ്ജിക്കുക. പദങ്ങൾ പിരിച്ചെഴുതുകയാണ് വായനക്കാരനു സൗകര്യം.

## വിഷയങ്ങൾ

രസകരവും പ്രയോജനപ്രദവുമായതെന്തും നവസാക്ഷരസാഹിത്യത്തിനു വിഷയമാകാം. ഒരു വിഷയം രസകരമോ നീരസമോ ആകുന്നത് പ്രതിപാദന രീതിയനുസരിച്ചാണ്. എങ്കിലും, വായനക്കാരുടെ പരിചയസീമയിൽപ്പെട്ടതും, അവർക്ക് ഏതെങ്കിലും തരത്തിൽ താല്പര്യകരവുമാവണം വിഷയം എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്. തൊഴിലിൽ കൂടുതൽ ആദായവും ജീവിതത്തിൽ കുറേക്കൂടി പുരോഗതിയും നേടുന്നതിനു സഹായിക്കുമ്പോഴത്രേ ഒരു പുസ്തകം പ്രയോജനപ്രദമായിത്തീരുന്നത്. ●

---

(33-ാംപേജിന്റെ തുടർച്ച)

ണ്. സാക്ഷരരിലും നവസാക്ഷരരിലും വായനശീലം പ്രോത്സാഹിപ്പിക്കുവാനും നിലനിർത്തുന്നതിനും തീവ്രമായ പരിശ്രമം നടക്കണം. അതോടൊപ്പംതന്നെ അവർക്കാവശ്യമായ പുസ്തകങ്ങൾ ബുദ്ധിമുട്ടുകൂടാതെ, ഏററവും കുറഞ്ഞവിലയ്ക്കുതന്നെ ലഭ്യമാക്കാനുള്ള ഏർപ്പാടുകളുമുണ്ടായേ തീരൂ.

പുസ്തകനിർമ്മാണവും പുസ്തകപാരായണവും തമ്മിൽ അഭേദ്യമായ ബന്ധം പുലർത്തിക്കൊണ്ട് ഇന്നാട്ടിൽ വായനക്കാരുടെ ഒരു ബഹുജനപ്രസ്ഥാനംതന്നെ വളരേണ്ടിയിരിക്കുന്നു. പ്രതിശീർഷ പ്രതിമാസവരുമാനം 50 ഉറുപ്പികയും 29 ശതമാനം മാത്രം സാക്ഷരതയുമുള്ള ഒരു രാജ്യത്ത് പുസ്തകം ഒരു സുഖഭോഗവസ്തുവായിരിക്കുന്നതിൽ അത്ഭുതമില്ല. പുസ്തകം വാങ്ങുന്നതിന് ബഹുഭൂരിപക്ഷമാളുകൾക്കും കഴിവില്ല. ഉറുപ്പികയുടെ മൂല്യശോഷണത്തിനുശേഷം വിദേശരാജ്യങ്ങളിൽനിന്നുള്ള പുസ്തകങ്ങളുടെ വില വളരെ വർദ്ധിച്ചിരിക്കുന്നതിനാൽ, സാമ്പത്തികമായി സാമാന്യംശേഷിയുള്ള രണ്ടു ശതമാനത്തിൽ എത്രയോ താഴെവരുന്ന ഒരു ചെറുജനവിഭാഗത്തിനു മാത്രമെ അത്തരം പുസ്തകങ്ങൾ വാങ്ങി വായിക്കുവാൻ കഴിയുന്നുള്ളൂ.

പുസ്തകങ്ങൾ ഒരു സുഖഭോഗവസ്തു എന്നതില്പരിയായി, പുസ്തകവായനശീലം സാക്ഷരരിൽ വമ്പിച്ച ഭൂരിപക്ഷത്തിനുമില്ലെന്നത് പുസ്തകവില്പനരംഗത്തെ മറെറാരു ശ്രദ്ധേയമായ പരമാർത്ഥമാണ്. യൂറോപ്പ് ഭൂഖണ്ഡത്തിലും അമേരിക്ക,